**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2781** **03-08-2021 - ൽ മറുപടിയ്ക്ക്**

**അഗ്രോസെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | **Shri. P. Prasad**<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നെന്മാറ മണ്ഡലത്തിൽ എത്ര അഗ്രോസെന്ററുകളാണ് നിലവിലുള്ളത് എന്ന് വിശദമാക്കുമോ; അഗ്രോസെന്ററിന്റെ പ്രവർത്തനം എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | നെന്മാറ മണ്ഡലത്തിൽ ഒരു അഗ്രോ സർവ്വീസ് സെന്ററാണ് നിലവിലുള്ളത്. ആയത് പല്ലശ്ശന ഗ്രാമപഞ്ചായത്തിലാണ്. കർഷക തൊഴിലാളി ക്ഷാമത്തിന് പരിഹാരം കണ്ടെത്തുക, കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, വിവിധ കാർഷിക പ്രവർത്തനങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുക, കാർഷിക മേഖലയിലെ ഉൽപ്പാദനം, വിതരണം എന്നീ മേഖലകളിൽ ഇടപെടുക, ഗുണമേൻമയുള്ള നടീൽവസ്തുക്കൾ, ജൈവവളം മറ്റ് ഉൽപ്പാദനോപാധികൾ എന്നിവ കർഷകർക്ക് ലഭ്യമാക്കുക തുടങ്ങിയവ അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനപരിധിയിൽ വരുന്ന ഘടകങ്ങളാണ്. കൂടാതെ കൃഷിപ്പണികൾക്കാവശ്യമായ കാർഷിക ഉപകരണങ്ങളും യന്ത്രങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് വാടകയ്ക്ക് നൽകുകയും, യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തിക്കൊടുക്കുകയും ചെയ്യുന്നു. കർഷകർക്ക് ആവശ്യമുള്ള ഉത്പാദനോപാധികൾ ലഭ്യമാക്കുന്നതിനുള്ള ഏകജാലക സംവിധാനമാണ് അഗ്രോസർവ്വീസ് സെന്ററുകൾ. തരിശുനിലങ്ങൾ ഏറ്റെടുത്ത് കൃഷി ചെയ്യുക, കാർഷിക മേഖലയിൽ മൂല്യവർദ്ധിത സംരംഭങ്ങൾ ഏറ്റെടുത്ത് നടത്തുക, ബയോ ഫാർമസി, ഇക്കോ ഷോപ്പ് തുടങ്ങിയവ നടത്തുക എന്നിവയൊക്കെ അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനങ്ങളിൽപ്പെടുന്നവയാണ്. നഴ്സറികൾ നടത്തുന്നതുവഴി ഗുണമേന്മയുള്ള നടീൽവസ്തുക്കൾ കർഷകർക്ക് ലഭ്യമാക്കുന്നതിനും അഗ്രോ സർവ്വീസ് സെന്ററുകൾ സഹായിക്കുന്നു. പല്ലശ്ശനയിൽ രൂപീകരിച്ചിരിക്കുന്ന അഗ്രോ സർവ്വീസ് സെന്റർ പച്ചക്കറി വികസന പദ്ധതിയിലൂടെ വിതരണം ചെയ്യേണ്ട പച്ചക്കറി തൈകളും, തൈകളടങ്ങിയ ഗ്രോബാഗുകളും അയിലൂർ, |

| | | | |
|---|---|---|---|
| | | | എലവഞ്ചേരി, മേലാർക്കോട്, നെന്മാറ, പല്ലശ്ശന, വണ്ടാഴി എന്നീ കൃഷി ഭവനുകളിലേയ്ക്ക് വിതരണം ചെയ്യുന്നു. ഇത് കൂടാതെ പോഷകത്തോട്ടത്തിനാവശ്യമായ ചെടികളും, സ്കൂൾ ഗാർഡനാവശ്യമായ പച്ചക്കറി തൈകളും, ഗ്രോബാഗുകളും ഈ കാർഷിക സേവന കേന്ദ്രം മുഖേന ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ പുതിയ അഗ്രോസെന്റർ അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; എങ്കിൽ അത് സംബന്ധിച്ച വിശദാംശം നൽകുമോ? | (ബി) | 2021-22 സാമ്പത്തിക വർഷം മുതൽ അഗ്രോസർവ്വീസ് സെന്ററുകൾ കൃഷിശ്രീ സെന്ററുകൾ എന്നറിയപ്പെടുന്നു. ഈ സാമ്പത്തിക വർഷത്തിൽ എട്ട് കൃഷിശ്രീ സെന്ററുകൾ രൂപീകരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഓഫീസ് പ്രവർത്തിക്കുന്നതിന് 25 m2 വിസ്തീർണ്ണമുള്ള മുറിയും, മെഷിനറി സൂക്ഷിക്കുന്നതിന് 200 m2 സ്ഥലസൗകര്യവും നിർബന്ധമായും നൽകുന്ന ബ്ലോക്കുകൾക്ക് പുതിയതായി അഗ്രോ സർവ്വീസ് സെന്റർ/കൃഷിശ്രീ സെന്റർ അനുവദിക്കുന്നതാണ്. അഗ്രോ സർവ്വീസ് സെന്ററുകൾ അനുവദിച്ചിട്ടില്ലാത്ത ബ്ലോക്കുകൾക്കാണ് മുൻഗണന നൽകുന്നത്. |

സെക്ഷൻ ഓഫീസർ